# Desabhimani
# 31 August 2018
# Kalpatta, After Flood, Cleaning

## വലയെറിഞ്ഞു, മാലിന്യങ്ങൾക്കായി

**കൽപ്പറ്റ**

പുഴയിൽ തുഴയെറിഞ്ഞ് വയനാടിനെ വിശുദ്ധമാക്കാൻ മത്സ്യത്തൊഴിലാളികളും. രണ്ടാഴ്ച സംഹാരതാണ്ഡവമാടിയ പനമരം പുഴയിലാണ് ഫൈറ്റ് ഫോർ ലൈഫ് എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ കോഴിക്കോട്ടെ വെള്ളയിലും പുതിയാപ്പയിലുംനിന്നുള്ള മത്സ്യത്തൊഴിലാളികൾ തോണിയുമായെത്തിയത്. ഇവർ പുഴയിൽനിന്ന് ഇത്തവണ വാരിക്കൂട്ടിയത് മാലിന്യങ്ങൾ. കൈമെയ് മറന്ന് പനമരം പുഴയിലങ്ങോളമിങ്ങോളം തുഴയെറിഞ്ഞാണ് പുഴ പുറംതള്ളിയ മാലിന്യങ്ങൾ ഇവർ നീക്കിയത്. പുഴയിലും പുഴയോരത്തെ മുളങ്കാടുകളിലും കുറ്റിച്ചെടികളിലും തങ്ങിനിന്ന ഓരോ പാഴ്‌വസ്തുക്കളും തോണിയിൽ കരക്കെത്തിച്ച് ഇവർ പുഴയെ ശുദ്ധീകരിച്ചു. പ്ലാസ്റ്റിക് കവറുകൾ, കുപ്പികൾ, ജീവികളുടെ അവശിഷ്ടങ്ങൾ എന്നിവയെല്ലാം പെറുക്കിയെടുത്തു.

ജില്ലാ അധികൃതരുടെ ക്ലീൻ വയനാട് ഏകദിന ശുചീകരണ മഹായജ്ഞത്തിന്റെ ഭാഗമായാണ് ഫൈറ്റ് ഫോർ ലൈഫ് സംഘം ജില്ലയിലെത്തിയത്. പുതിയാപ്പ അരയസമാജം, വെള്ളയിൽ ഫിഷറിങ് സെന്റർ എന്നിവയിലെ മത്സ്യത്തൊഴിലാളികളും കൂരാച്ചുണ്ട് അമിൻ റിസ്ക്യൂ പ്രവർത്തകരുമടക്കം 600ലധികം പേരാണ് ജില്ലയ്ക്കകത്തും പുറത്തുനിന്നുമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ശുചീകരണയത്നത്തിൽ സംഘത്തിന് കീഴിൽ പങ്കെടുത്തത്. നാല് തോണിയും നാല് കയാക്കിങ് വള്ളവുമാണ് പനമരത്ത് പുഴയിലിറക്കിയത്. റോഡുമാർഗം രാവിലെയാണ് വള്ളം ജില്ലയിലെത്തിച്ചത്. പകൽ 11ഓടെ പനമരം പുഴയിൽ വള്ളമിറക്കിയ ഈ സംഘം ചാക്കുകണക്കിന് മാലിന്യങ്ങൾ ശേഖരിച്ച് വൈകിട്ടാണ് ദൗത്യം അവസാനിപ്പിച്ചത്. ഇവർക്ക് എല്ലാ സൗകര്യവും ഒരുക്കി ജില്ലാ അധികൃതരും ഒപ്പം നിന്നു.